പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 258

30.11.2015 ൽ മറുപടിക്ക്

## പോലീസ് കോൺസ്റ്റബിൾമാരുടെ സേവന കാലാവധി

| ചോദ്യം<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) പോലീസ് കോൺസ്റ്റബിൾ അടക്കമുള്ള ഉദ്യോഗസ്ഥന്മാർ ഇത്ര വർഷമേ തുടർച്ചയായി ഒരു പോലീസ് സ്റ്റേഷനിൽ ജോലി ചെയ്യാൻ പാടുള്ളൂ എന്ന് നിയമം ഉണ്ടോ; എങ്കിൽ പ്രസ്തുത കാലാവധി എത്രയാണെന്ന് വ്യക്തമാക്കാമോ: | (എ) ഉണ്ട്. ഒരു പോലീസ് സ്റ്റേഷനിൽ തുടർച്ചയായി ജോലി ചെയ്യുവാൻ പറ്റുന്ന കാലയളവ് സാധാരണഗതിയിൽ 3 വർഷമാണ്. |
| ബി) ചില സ്ഥലങ്ങളിൽ ഒന്നോ രണ്ടോ കിലോമീറ്ററിനുള്ളിൽ രണ്ടു പോലീസ് സ്റ്റേഷനുകൾ ഉണ്ടാകാം. ഇത്തരം പോലീസ് സ്റ്റേഷനുകളിൽ ജോലി ചെയ്യുന്നവരെ വർഷങ്ങൾക്ക് ശേഷം മാറ്റിയാൽ ഒരാൾ തുടർച്ചയായി ഒരേ സ്ഥലത്ത് ജോലി ചെയ്യാൻ പാടില്ലെന്ന വ്യവസ്ഥ നിറവേറ്റപ്പെടുമോ: | (ബി) ഇല്ല. 27.04.2000 തീയതിയിലെ സർക്കാർ ഉത്തരവ് (പി) നം. 13/2000 പ്രകാരം ഒരു ജില്ലയിലെ 15 കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങളിൽ ഉള്ള സർവ്വീസുകൾ ഒരു സ്റ്റേഷനിലെ സർവ്വീസായി കണക്കാക്കണമെന്ന് നിഷ്കർഷി- ച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം ഒരാൾ തുടർച്ചയായി ഒരേ സ്ഥലത്ത് ജോലിചെയ്യുവാൻ പാടില്ല എന്ന വ്യവസ്ഥ നിറവേറ്റുവാൻ സാധിക്കുന്നതാണ്. |
| സി) കാസർകോട് ജില്ലയിലെ കാസർകോട് ടൗൺ വിദ്യാനഗറിൽ ബദിയടുക്ക, ആദൂർ, കാസർകോട് ട്രാഫിക് എന്നീ പോലീസ് സ്റ്റേഷനുകളിൽ ഇപ്പോൾ ജോലി ചെയ്ത് വരുന്ന സബ് ഇൻസ്പെക്ടർമാർ അടക്കമുള്ളവരുടെ പേരു വിവരങ്ങളും അവർ അതാത് പോലീസ് സ്റ്റേഷനുകളിൽ ഇപ്പോൾ തുടർച്ചയായി സേവനം ചെയ്തുവരുന്നതും മുമ്പ് സേവനം ചെയ്തതുമായ കാലാവധി എത്രയാണ്എന്ന് വ്യക്തമാക്കാമോ? | (സി) വിശദ വിവരം പോലീസ് സ്റ്റേഷൻ തിരിച്ച് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്